## അറിയിപ്പ്

മി. സ്പീക്കർ: 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന കാര്യത്തിലെ കാലതാമസം സാധൂകരിക്കൽ.

2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ 2017 ആഗസ്റ്റ് 10-ാം തീയതി സഭ പരിഗണിക്കുകയും അന്നേ ദിവസംതന്നെ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച പന്ത്രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു.

സഭയുടെ നടപടി ചട്ടങ്ങളിലെ 237-ാം ചട്ടം 230-ാം ചട്ടത്തിന്റെ ഒന്നാം ഉപചട്ടവുമായി കൂട്ടിവായിക്കുമ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കപ്പെട്ട ഒരു ബിൽ സംബന്ധിച്ച റിപ്പോർട്ട്, ബിൽ റഫർ ചെയ്യപ്പെട്ട തീയതി മുതൽ മൂന്നു മാസത്തിനകം സഭയിൽ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത സമയപരിധി പാലിക്കുവാൻ കഴിയാതെ വരുന്നപക്ഷം, അതിലേക്കാവശ്യമായ സമയം ദീർഘിപ്പിച്ചു ലഭിക്കുന്നതിനായി, റിപ്പോർട്ട് സമർപ്പണത്തിനു മുമ്പ് ഒരു പ്രമേയത്തിലൂടെ സഭയുടെ അനുമതി തേടാവുന്നതാണ്.

2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് 24.01.2018-ന് സഭയിൽ സമർപ്പിക്കുന്നതിനുമുമ്പായി സമയ ദൈർഘ്യത്തിനായുള്ള പ്രമേയം അവതരിപ്പിക്കുകയോ അനുമതി തേടുകയോ ഉണ്ടായില്ല. ഇത് സഭാചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഒരു നടപടിയായി കാണേണ്ടിയിരിക്കുന്നു. ഇക്കാര്യം യഥാസമയം ബില്ലിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നിയമസഭാ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട സെക്ഷന് വീഴ്ച പറ്റിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇക്കാര്യം തൊട്ടടുത്ത ദിവസംതന്നെ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു.

നമ്മുടെ സഭയിലെ നടപടിക്രമങ്ങൾ പരമാവധി കൃത്യതയോടെയും സമയബന്ധിതമായും ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വിധേയമായിട്ടാണ് നടക്കുന്നതെന്ന് ഉറപ്പാക്കാൻ ചെയർ പ്രതിജ്ഞാബദ്ധമാണ്.

ഈ സാഹചര്യത്തിൽ, 2017 ആഗസ്റ്റ് 10-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്ത 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചട്ടപ്രകാരമുള്ള

കാലാവധിയായ മൂന്നുമാസം കഴിഞ്ഞ് 2018 ജനുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിക്കുന്ന വേളയിൽ 230-ാം ചട്ടത്തിന്റെ ഒന്നാം ഉപചട്ട പ്രകാരമുള്ള സഭയുടെ അനുമതി വാങ്ങാതിരുന്ന നടപടി സാധൂകരിക്കുന്നതിനുള്ള അനുമതി സഭ നൽകണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

നടപടി സഭ സാധൂകരിച്ചിരിക്കുന്നു.

സഭയുടെ നടത്തിപ്പിൽ ഇത്തരം ന്യൂനതകൾ മേലിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

(നിയമനിർമ്മാണ കാര്യം)